**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4116** **28-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ കടമെടുക്കുന്ന തുകയുടെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വികസന പദ്ധതികൾ നടപ്പാക്കാനെന്ന പേരിൽ റിസർവ്വ് ബാങ്ക് വഴി കടം വാങ്ങുന്ന തുക ദൈനംദിന ആവശ്യങ്ങൾക്കും മുമ്പ് കടം വാങ്ങിയ തുക മടക്കി നൽകുന്നതിനും മറ്റും ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനു ശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. |
| (ബി) | ആയത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | ആധികാരിക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (സി) | കിഫ്ബി വഴി കടമെടുക്കുന്ന തുക മടക്കി നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ വിവധ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളായും കടപ്പത്രങ്ങളിലൂടെയും 11,990.04 കോടി രൂപ കിഫ്ബി കടമായി സമാഹരിച്ചിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും 10-15 വർഷം വരെയുള്ള ദീർഘകാല വായ്പകളാണ്. ഭേദഗതി ആക്റ്റ് - 2016 പ്രകാരം എല്ലാ വർഷവും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള ഒരു വിഹിതവും (നിലവിൽ - 50%), പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) സർക്കാർ കൃത്യമായി കിഫ്ബിയ്ക്ക് കൈമാറുന്നുണ്ട്. ഇപ്രകാരം മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള വിഹിതവും പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവുമാണ് കിഫ്ബിയ്ക്ക് നൽകി വരുന്നത്. 2021 സെപ്റ്റംബർ വരെ 9201 കോടി രൂപ ഈ ഇനത്തിൽ കിഫ്ബിയ്ക്ക് ലഭിച്ചിട്ടുണ്ട്. വായ്പകളുടെ കാലാകാലങ്ങളിലുള്ള തിരിച്ചടവിന് ഇങ്ങനെ ലഭിക്കുന്ന തുക പര്യാപ്തമാണ്. കൂടാതെ |

| | | | |
|---|---|---|---|
| | | | കിഫ്ബി പുനസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് ധനസമാഹരണ പ്രവർത്തനങ്ങളുടെ ഭാഗമായി സീഡ് ക്യാപ്പിറ്റൽ എന്ന നിലയിൽ 2498.4 കോടി രൂപ സർക്കാർ നൽകിയിരുന്നു. |
| (ഡി) | ഈ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലങ്ങളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ വെട്ടിക്കുറച്ചാണോ സർക്കാർ ചെലവുകൾ നിയന്ത്രിക്കുന്നത് എന്ന് വിശദമാക്കാമോ? | (ഡി) | അല്ല. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടും വിവിധ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |

സെക്ഷൻ ഓഫീസർ